**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് കേരള അക്കാഡമി ഫോർ സ് കിൽസ് എക്സലൻസിന് കീഴിൽ ഇൻകെൽ പാർക്കിൽ പ്രവർത്തിക്കുന്ന എസ്പോയർ അക്കാഡമി കാമ്പസിൽ പരിശീലനം നൽകി വിദേശത്തേക്ക് അയയ്ക്കുന്നതിനുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

==================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ)നം.51/17/തസ്വഭവ തിരുവനന്തപുരം, തീയതി,07-01-2017

==================================================================

പരാമർശം: - ഗ്രാമ വികസന കമ്മീഷണറുടെ 26-09-2016-ലെ 4426/ഡിപി4/16/സി.ആർ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സർക്കാർ ഉടമസ്ഥതയിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന് കീഴിൽ അങ്കമാലി ഇൻകെൽ പാർക്കിൽ പ്രവർത്തിക്കുന്ന എസ്പോയർ അക്കാദമി ക്യാമ്പസിൽ പട്ടികജാതി യുവാക്കൾക്ക് പരിശീലനം നൽകി വിദേശത്തേയ്ക്ക് അയക്കുന്ന പദ്ധതിക്ക് പരിശീലനാർത്ഥി ഒന്നിന് പരമാവധി 50000/- രൂപ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ എസ്.സി.പി. വിഹിതം വകയിരുത്തി ചെലവഴിക്കാൻ അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശ കത്ത് മുഖാന്തിരം അഭ്യർത്ഥിക്കുകയുണ്ടായി. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ ഉടമസ്ഥതയിലുള്ള എസ്പോയർ അക്കാദമിയുടെ ഓപ്പറേറ്ററായി പ്രവർത്തിക്കുന്നത് ഇറാം എഞ്ചിനീയറിംഗ് കമ്പനിയാണെന്നും, ബ്ലോക്ക് പഞ്ചായത്തും എസ്പോയർ അക്കാദമിയും തമ്മിലുള്ള ധാരണ പ്രകാരം അക്കാദമി നടത്തുന്ന സ്കിൽ ടെസ്റ്റിൽ വിജയിക്കുന്ന ബ്ലോക്ക് പരിധിയിലുള്ള എസ്.സി. യുവാക്കൾക്ക് ഇലക്ട്രീഷ്യൻ, പ്ലമ്പർ, ഫിറ്റർ, ഫാബ്രിക്കേറ്റർ എന്നീ തസ്തികയിൽ 3 മാസത്തെ വിദഗ്ദ്ധ പരിശീലനം നൽകി പ്രസ്തുത തസ്തികയിൽ വിദേശത്ത് തൊഴിൽ ഉറപ്പ് വരുത്തുന്നതാണെന്നും ആയതിനുവേണ്ട കോഴ്സ് ഫീയും വിസ, മെഡിക്കൽ ടെസ്റ്റ്, വിമാന ടിക്കറ്റ് എന്നിവയുടെ ഫീയും 11-01-2016-ലെ സ.ഉ. നം: 4/2016 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന പ്രകാരം വിദേശത്ത് ജോലി ലഭിച്ചിട്ടുള്ള എസ്.സി. യുവാക്കൾക്ക് വിസയുടെയും വിമാന ടിക്കറ്റിന്റെയും ചാർജ്ജായി പ്ലാൻ ഫണ്ടിൽ നിന്നും നൽകാവുന്ന 50,000/- രൂപ പരിധിയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. എസ്പോയർ അക്കാദമിക്കായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും ഇറാം എഞ്ചിനീയറിംഗ് കമ്പനിയും തമ്മിൽ ഒപ്പുവെച്ച എഗ്രിമെന്റ് പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ കോഴ്സ് പൂർത്തിയാക്കുന്ന ഓരോ ബാച്ചിലേയും 60% പേർക്ക് ഇറാം എഞ്ചിനീയറിംഗ് കമ്പനി പ്ലേസ് മെന്റ് ഉറപ്പുവരുത്തുന്നതാണെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ കേരള അക്കാഡമി ഫോർ സ് കിൽസ് എക്സലൻസിനു കീഴിൽ ഇൻകെൽ പാർക്കിൽ പ്രവർത്തിക്കുന്ന എസ്പോയർ അക്കാഡമി കാമ്പസിൽ പട്ടികജാതി

യുവാക്കളുടെ ഒരു ബാച്ചിന് പരിശീലനം നൽകി വിദേശത്തേക്ക് അയയ്ക്കുന്നതിനുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

3. പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പ് ആദ്യബാച്ചിന്റെ പ്ലേസ്മെന്റ് വിജയകരമാണോയെന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ഡി.സന്തോഷ്**
**ഡെപ്യൂട്ടി സെക്രട്ടറി**

1.ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2.സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, അങ്കമാലി.
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
4.അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം.
5.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6.കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ